എം.റ്റി(3)14924/08 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി: 3-05-2008.

## സർക്കുലർ നമ്പർ.39/08

വിഷയം : സഹകരണ വകുപ്പ് - സഹകരണ സംഘങ്ങൾ/ബാങ്കുകൾ പൊതുനൻമ ഫണ്ടിൽ നിന്നും "കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന്" (CAPE) സംഭാവന നൽകുന്നത് സംബന്ധിച്ച് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്

സൂചന : (1) CAPE എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 22/2/2008 ലെ 62-ാമത് മീറ്റിംഗ്
(2) CAPE ഡയറക്ടറുടെ 10/3/2008 ലെ എ സി സി 976/2007/കേപ്പ്/460 -ാം നമ്പർ കത്ത്

സംസ്ഥാനത്തിലെ സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള ലക്ഷ്യത്തോടുകൂടി സർക്കാറിന്റെ സഹകരണവകുപ്പിന് കീഴിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) കീഴിൽ ഒരു മെഡിക്കൽ കോളേജും 9 എഞ്ചിനീയറിംഗ് കോളേജുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സർക്കാർ നിശ്ചയിക്കുന്ന ഫീസ് ബാധകമായി ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന കേപ്പിന് ഉന്നതനിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുന്നതിന് കഴിയുന്നതോടൊപ്പം, പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ ചില ദുഷ്പ്രവണതകൾ തടയിടുവാനും ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്. സാധാരണക്കാർക്കും ഇടത്തരക്കാർക്കും ഉന്നതവിദ്യാഭ്യാസം നൽകുന്നതിന് 'CAPE' ശ്രമിക്കുമ്പോൾ ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിന്റെ സാമ്പത്തിക നിലയെ ആയത് ബാധിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ സംരംഭം നിലനിന്നുപോരേണ്ടത് സഹകരണ മേഖലയുടെ ചുമതലയാണ്. കേപ്പിന്റെ നിലവിലുള്ള സ്ഥാപനങ്ങളിൽ കൂടുതൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം പുതിയ പുതിയ മേഖലകളിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും പുതിയ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനും കഴിയേണ്ടതുണ്ട്.

കേപ്പിൻെറ ഈ സാമ്പത്തികാവസ്ഥ പരിഹരിക്കുന്നതിന് മറ്റ് പ്രൈമറി സ്ഥാപനങ്ങളുടെ പൊതുനൻമ ഫണ്ടിൽ നിന്നും കേപ്പിന് സംഭാവന നൽകുന്നതിന് മറ്റ് പ്രൈമറി സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് സൂചന(1) പ്രകാരമുള്ള കേപ്പിൻെറ 22/2/2008 ലെ 62-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ സൂചന(2) പ്രകാരം കേപ്പ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കേപ്പ് ഡയറക്ടറുടെ അപേക്ഷയുടെയും കേപ്പിൻെറ 22/2/08 ലെ 62-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൻെറയും അടിസ്ഥാനത്തിൽ അതാത് സംഘങ്ങളുടെ ബൈലോ വ്യവസ്ഥക്കും, കേരള സഹകരണ നിയമം/ചട്ടം എന്നിവയ്ക്കും വിധേയമായി കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന് പ്രാഥമിക സംഘങ്ങൾ കേരള സഹകരണ നിയമം 56(ഡി) പ്രകാരം രൂപീകരിച്ചിട്ടുള്ള പൊതുനൻമ ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പ്രൈമറി സഹകരണ സംഘങ്ങൾക്ക് ഇതിനാൽ അനുമതി നൽകുന്നു.

ഒപ്പ്
കെ.വി.സുരേഷ് ബാബു

സഹകരണ സംഘം രജിസ്ട്രാറുടെ
ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)

ഡയറക്ടർ
"കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പൊഫഷണൽ എഡ്യൂക്കേഷൻ"
കോ- ബാങ്ക് ടവ്വേഴ്സ്, വികസ് ഭവൻ പി.ഒ -695033
പകർപ്പ്-
1) ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)
2) അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ/ ആഡിറ്റ്)
ജോയിൻറ് രജിസ്ടാർ(ജനറൽ/ആഡിറ്റ്)മാർ മുഖേന

//ആജ്ഞാനുസരണം//

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി